No. CEE/4600/2019/KEAM-2020/TA3


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.


# പത്രക്കുറിപ്പ്

## മെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനം–2020
## എൻ.ആർ.ഐ വിഭാഗം അപേക്ഷകരുടെ ശ്രദ്ധയ്ക്ക്

2020–21 അദ്ധ്യയന വർഷത്തിലെ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ച എൻ.ആർ.ഐ വിഭാഗം വിദ്യാർത്ഥികളുടെ NRI സർട്ടിഫിക്കറ്റുകൾ AFC യുടെ 22.10.2020 തീയതിയിലെ AFC 100/2020 Medical & Allied courses/NRI പുതുക്കിയ മാനദണ്ഡപ്രകാരം പുന:പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ആയതിനാൽ NRI ക്വാട്ടയിൽ അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികളും 'Candidate Portal' പരിശോധിക്കേണ്ടതാണ്. രേഖകളിൽ അപാകതകൾ നിലനിൽക്കുന്നുവെങ്കിൽ അവ പരിഹരിക്കേണ്ടതാണ്. എൻ.ആർ.ഐ രേഖകളിലെ അപാകതകൾ പരിഹരിക്കുന്നതിന് വിദ്യാർത്ഥികൾക്ക് 03.11.2020 മുതൽ 09.11.2020 ഉച്ചയ്ക്ക് 12.00 മണി വരെ സമയം അനുവദിച്ചിട്ടുണ്ട്.

അപേക്ഷകർ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള KEAM 2020 'Candidate Portal' എന്ന ലിങ്കിൽ അവരവരുടെ അപേക്ഷാ നമ്പരും പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് ലോഗിൻ ചെയ്ത് അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം പ്രൊഫൈൽ പേജിൽ ലഭ്യമായ 'Memo Details' എന്ന എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ ന്യൂനതകൾ സംബന്ധിച്ച വിശദാംശം ലഭ്യമാകുന്നതാണ്. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ നിശ്ചിത സമയത്തിനകം അപ്ലോഡ് ചെയ്ത് ന്യൂനത പരിഹരിക്കാവുന്നതാണ്.

ഇത്തരത്തിൽ അപേക്ഷയിലെ എൻ.ആർ.ഐ രേഖകൾ സംബന്ധിച്ച അപാകതകൾ പരിഹരിക്കാത്ത വരെ മേൽ പറഞ്ഞ കോഴ്സുകളിൽ എൻ.ആർ.ഐ സീറ്റുകളിലേയ്ക്കുള്ള അഡ്മിഷൻ/അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. അലോട്ട്മെന്റിന്റെ തുടർന്നുള്ള ഘട്ടങ്ങളിലും പ്രസ്തുത രേഖകൾ സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിന് വീണ്ടും അവസരം നൽകുന്നതല്ല. അനുബന്ധ രേഖകളോ സർട്ടിഫിക്കറ്റുകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല. എൻ.ആർ.ഐ സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത് കാണുക.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

തിരുവനന്തപുരം
03.11.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**